PEOPLE'S FOUNDATION

Calicut Charitable Trust Building, PB No:833, Mavoor Road, Kozhikode, Kerala, India-673004, Tel:0495 2729500,9846888700
www.peoplesfoundation.org, info@peoplesfoundation.org

# Annual Repot 2020 April – 2021 March

## പീപ്പിൾസ് ഹോം

- പീപ്പിൾ ഹോമിൽ ഈവർഷത്തിൽ ആകെ 27 അപേക്ഷകൾ പാസാക്കി. ഇതിൽ 19 വീടുകളുടെ പണി പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറി. 8 വീടുകളുടെ പ്രവർത്തി പുരോഗമിക്കുന്നു.
- പീപ്പിൾസ് ഹോം പദ്ധതിയുടെ ഭാഗമായി മലപ്പുറം കരുവാരക്കുണ്ടിൽ പൂർത്തീകരിച്ച കുടിവെള്ള പദ്ധതി സമർപ്പണം ജില്ലാ കോഡിനേറ്റർ നിർവ്വഹിച്ചു.
- ചാവക്കാട് അണ്ടത്തോട് 5 പീപ്പിൾസ് ഹോമുകൾ പൂർത്തീകരിച്ചു ഗുണഭോക്താക്കൾക്ക് കൈമാറി.

## പ്രളയ പുനരധിവാസ പദ്ധതി 2018

- 2018 പ്രളയ പുനരധിവാസ പദ്ധതിയുടെ സമാപനവും പനമരം പീപ്പിൾസ് വില്ലേജ് സമർപ്പണവും വിപുലമായ പരിപാടികളോടെ നടത്തി.
- 2018 പ്രളയ പുനരധിവാസ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച നമ്പൂരിപ്പെട്ടി പീപ്പിൾസ് വില്ലേജ് നാടിന് സമർപ്പിച്ചു.

## പ്രളയ പുനരധിവാസ പദ്ധതി 2019

- 2019 പ്രളയ പുനരധിവാസ പദ്ധതിയുടെ ഭാഗമായി 80 വീടുകൾ പാസ്സാക്കി. ആകെ 1 കോടി 87 ലക്ഷം രൂപ)
- സ്വയം തൊഴിൽ പദ്ധതിയിനത്തിൽ 393 അപേക്ഷകർക്കായി 102009800 രൂപയുടെ സഹായങ്ങൾ നൽകി.
- 2019 പ്രളയ പുനരധിവാസ പദ്ധതിയുടെ ഭാഗമായി വയനാട് മേപ്പാടിയിൽ നിർമ്മിച്ച ആറ് വീടുകളടങ്ങുന്ന പീപ്പിൾസ് വില്ലേജ് ഗുണഭോക്താക്കൾക്ക് കൈമാറി.
- നിലമ്പൂർ ചാത്തമുണ്ടയിൽ നിർമ്മിക്കുന്ന 27 വീടുകൾ അടങ്ങിയ പീപ്പിൾസ് വില്ലേജ് നിർമ്മാണം പൂർത്തിയായി.
- വയനാട് സർക്കാറുമായി ചേർന്ന് നിർമ്മിക്കുന്ന ഹർഷം പദ്ധതിയുടെ 10 വീടുകളുടെ സ്ട്രെക്ചർ വർക്ക് പൂർത്തിയായി.
- കവളപ്പാറയിൽ നിർമ്മിക്കുന്ന വീടുകളുടെ പ്രവർത്തി പുരോഗമിക്കുന്നു.

## സ്നേഹസ്പർശം

- സ്നേഹസ്പർശം പദ്ധതിയിൽ 94 അപേക്ഷകൾ വിവിധ ഇനത്തിലായി പരിഗണിക്കുകയും ആകെ 66, 10347/- രൂപ പാസ്സാക്കുകയും ചെയ്തു.

**പീപ്പിൾസ് ഇൻഫോ**

- KAS മോഡൽ പരീക്ഷ സംഘടിപ്പിച്ചു. 100 ഓളം വിദ്യാർത്ഥികൾ പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്തു. 38 പേര് മോഡൽ പരീക്ഷ എഴുതി. കോഴിക്കോട് CIGI യിൽ വെച്ചാണ് പരീക്ഷ നടത്തിയത്.
- 132 പേർക്ക് വിദ്യാഭ്യാസ മേഖലയിൽ ഗൈഡൻസ് നൽകി.
- പീപ്പിൾസ് ഹെൽത്ത് പദ്ധതിയുടെ ലോഞ്ചിങ് 2020 സെപ്തംബർ മാസം നടത്തി.
- ഇതുവരെ 145 പേർക്ക് മെഡിക്കൽ ഗൈഡൻസ് നൽകുകയുണ്ടായി.
- ഏകദേശം 25 ലക്ഷം രൂപയുടെ മെഡിക്കൽ സഹായങ്ങൾ ഇതിലൂടെ നൽകാൻ സാധിച്ചു.

**കോവിഡ് 19 റിലീഫ് പ്രവർത്തനങ്ങൾ**

- കോവിഡ് 19 റിലീഫ് പ്രവർത്തനങ്ങളുടെ ഭാഗമായി 18440 കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റുകൾ, 17981 പേർക്ക് ഭക്ഷണ പൊതികൾ , 1757 നിത്യരോഗികൾക്ക് ആവശ്യമായ മരുന്നുകൾ, 28176 മാസ്ക്കുകൾ, 3308 സാനിറ്റൈസർ വിതരണം ചെയ്തു. 324 കുടുംബങ്ങൾക്ക് സർക്കാർ റേഷനും 277 കുടുംബങ്ങൾക്ക് മരുന്നുകളും എത്തിച്ചു നൽകി, 916 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായങ്ങളും നൽകി.
- ഹെൽത്ത് സെന്ററുകൾ - പഞ്ചായത്ത് ബിൽഡിങ് സാനിറ്റൈസ് ചെയ്യൽ, ഇമ്മ്യൂണിറ്റി മെഡിസിൻ വിതരണം, online കൗൺസിലിംഗ്, ക്യാമ്പ് അംഗങ്ങൾക്ക് വസ്ത്ര വിതരണം, ഇതര സംസ്ഥാനങ്ങളിൽ നിന്ന് നാട്ടിലേക്ക് മടങ്ങിയ മലയാളികൾക്ക് യാത്രാ സൗകര്യമൊരുക്കൽ എന്നീ സേവനങ്ങൾക്കും വളണ്ടിയർമാർ നേതൃത്വം നൽകി. സർക്കാർ നേരിട്ട് നടത്തിയ തിരഞ്ഞെടുത്ത കമ്മ്യൂണിറ്റി കിച്ചണിലേക്ക് പീപ്പിൾസ് ഫൗണ്ടേഷൻ ഭക്ഷണ സാധനങ്ങളും നൽകി
- കോവിഡ് കാലത്ത് ആകെ 1,45,27,060 / രൂപയുടെ റിലീഫ് പ്രവർത്തനങ്ങൾ നിർവ്വഹിച്ചു.
- പ്രവാസികൾക്ക് ക്വാറൻറീൻ സൗകര്യമൊരുക്കാൻ സന്നദ്ധത പ്രകടിപ്പിച്ച് സംസ്ഥാന ആരോഗ്യ സാമൂഹ്യ വനിതാ ക്ഷേമ വകുപ്പ് മന്ത്രി കെ കെ ശൈലജക്ക് കത്ത് കൈമാറി. സംസ്ഥാനത്തെ അഞ്ച് കേന്ദ്രങ്ങളിലായി ഒരേ സമയം 1070 പേർക്ക് സൗകര്യമൊരുക്കാനുള്ള സന്നദ്ധതയാണ് അറിയിച്ചത്.
- ആസ്റ്റർ - പീസ് വാലി സഞ്ചരിക്കുന്ന ആശുപത്രിക്ക് പീപ്പിൾ ഫൗണ്ടേഷൻ തൃശൂരിൽ പ്രാദേശിക സംഘാടനം നിർവഹിച്ചു. മന്ത്രി എ.സി മൊയ്ദീൻ ഉദ്ഘാടനം ചെയ്തു. ഏഴ് ദിവസങ്ങളിലായി ജില്ലയിലുടനീളം പര്യടനം നടത്തിയ മെഡിക്കൽ സംഘം 1500 ൽ പരം പേരെ പരിശോധനക്ക് വിധേയമാക്കി.
- കോവിഡ് 19 പ്രതിരോധ- പ്രവർത്തന രംഗത്തുള്ള ആരോഗ്യ പ്രവർത്തകർക്കായി പ്രത്യേകം തയ്യാറാക്കിയ 100 വീതം പി.പി.ഇ കിറ്റുകൾ കാസർകോട്, കോഴിക്കോട്, മഞ്ചേരി, കളമശ്ശേരി തുടങ്ങി നാല് മെഡിക്കൽ കോളേജുകൾക്ക് കൈമാറി.
- അയ്യായിരത്തിൽ പരം പീപ്പിൾസ് ഫൗണ്ടേഷൻ വളണ്ടിയർമാർ സർക്കാർ സംവിധങ്ങളുമായി ചേർന്ന് പഞ്ചായത്ത് - മുൻസിപ്പാലിറ്റി - കോർപറേഷൻ തലത്തിൽ സന്നദ്ധ സേവനം നിർവ്വഹിക്കാൻ രജിസ്റ്റർ ചെയ്തു.

- തണലൊരുക്കാം ആശ്വാസമേകാം എന്ന തലക്കെട്ടിൽ കോവിഡ് ബാധിച്ച് മരണപ്പെട്ട നിർധനരായ പ്രവാസികളുടെ കുടുംബങ്ങൾക്ക് പുനരധിവാസ പദ്ധതി നടപ്പിലാക്കി.
- 63 അപേക്ഷകർക്ക് ഇതിലൂടെ വിവിധ ഇനത്തിലായി 2.36 കോടി രൂപയുടെ സഹായം നൽകി.

**<u>സീസണൽ പ്രോജക്ട്</u>**

- 2020 റമദാനോടനുബന്ധിച്ച് 12256 ഭക്ഷണക്കിറ്റുകൾ വിതരണം ചെയ്തു.
- 37000 ഫിത്വർസകാത്ത് കിറ്റുകൾ വിതരണം ചെയ്തു
- 11 ജില്ലകളിലായി ഉളുഹിയത്ത് കിറ്റുകൾ വിതരണം ചെയ്തു.
- 5 ജില്ലകളിലായി എസ്.ഐ.ഒവുമായി ചേർന്ന് 2000 സ്കൂൾ കിറ്റുകൾ വിതരണം ചെയ്തു.